**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3075 21/06/2013-ൽ മറുപടിയ്ക്ക്

**ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ളത് ; | എ) ഔഷധ സസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ഔഷധ സസ്യ മിഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**1).ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം.**<br>ആധുനിക സംവിധാനങ്ങളോടു കൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ധനസഹായം മാതൃകാ നഴ്സറി - (2 ലക്ഷം മുതൽ 3 ലക്ഷം തൈകൾ വരെ ഉത്പാദന ശേഷി ) 20 ലക്ഷം രൂപ, ചെറുകിട നഴ്സറി (60000 മുതൽ 70000 തൈകൾ വരെ ഉത്പാദന ശേഷി ) 4 ലക്ഷം രൂപ.<br><br>**2) ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ**<br>ഔഷധസസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് വേണ്ടി മിഷൻ തിരഞ്ഞെടുക്കപ്പെട്ട 23 ഔഷധസസ്യങ്ങൾക്ക് ധനസഹായം. |

3). ക്ലസ്റ്ററുകൾ വഴി ഔഷധസസ്യ കൃഷി

കുറഞ്ഞത് 5 കർഷകരും 2 ഹെക്ടർ സ്ഥലവുമുള്ള ക്ലസ്റ്ററുകൾ വഴിയാണ് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നത്. ഈ ക്ലസ്റ്ററുകളിൽ ഉൾപ്പെട്ട കർഷകരും കൃഷി ഭൂമിയും അടുത്തടുത്തുള്ള 3 ഗ്രാമങ്ങളിൽ നിന്നുള്ളതാകണം.

| | | | |
|---|---|---|---|
| ബി) | ഔഷധ സസ്യകൃഷിക്കാവശ്യമായ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടീൽ വസ്തുക്കൾ കൃഷി ഭവൻ വഴിലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | ആയത് പരിഹരിക്കുന്നതിന് ദേശീയ ഔഷധ സസ്യ മിഷൻ, ഔഷധ സസ്യ നഴ്സറികൾ സ്ഥാപിക്കുന്നതിന് പൊതുമേഖല സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. ദേശീയ ഔഷധ സസ്യ ബോർഡിന്റെ അനുമതിയോടുകൂടി കൃഷിഭവൻ വഴി തൈകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

Snehans

**സെക്ഷൻ ഓഫീസർ**